8638
22/9/20

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടയം ഹൈറേഞ്ച് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിയിരുന്ന ശ്രീമതി.എം.ഗായത്രി ദേവിയുടെ അനധികൃത ഹാജരില്ലായ്മ - അച്ചടക്ക നടപടി - പുന:പരിശോധനാ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.153/2020/വനം            തീയതി, തിരുവനന്തപുരം, 14/07/2020

---

പരാമർശം:- (1) കോട്ടയം ഹൈറേഞ്ച് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ 04.12.2014-ലെ ഇ1-5583/2012 നമ്പർ നടപടി ഉത്തരവ്.

(2) കൊല്ലം റീജിയണൽ സൗത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 17.12.2015-ലെ ആർ എസ് ഇ -349/15 നമ്പർ നടപടി ഉത്തരവ്.

(3) 2016 ഫെബ്രുവരിയിൽ ശ്രീമതി.എം.ഗായത്രി ദേവി, സീനിയർ ക്ലാർക്ക് സമർപ്പിച്ച പുന:പരിശോധനാ ഹർജി.

(4) 16.12.2016, 24.09.2019, 15.02.2020 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി8-6115/2015 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീമതി.എം.ഗായത്രി ദേവി അനധികൃതമായി ജോലിക്കു ഹാജരാകാത്തതിനാൽ ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞ് പരാമർശം (1) പ്രകാരം തീർപ്പാക്കുകയുമുണ്ടായി.

2) പ്രസ്തുത ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരാമർശം (2) പ്രകാരം നിരസിച്ചു. തുടർന്ന് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി പരിഗണിച്ച് ടിയാളെ വകുപ്പിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

3) അവധി അപേക്ഷകൾ ബന്ധപ്പെട്ട അധികാരി മുൻപാകെ തക്കസമയത്ത് തന്നെ സമർപ്പിച്ചിരുന്നു എന്നും ഇക്കാര്യം അന്വേഷണാധികാരി കണക്കിലെടുത്തില്ല എന്നും ടിയാൾ ലീവ് എടുത്തതു കാരണം വകുപ്പിന് യാതൊരു കഷ്ടനഷ്ടവും സംഭവിച്ചിട്ടില്ലായെന്നും മറിച്ച് തനിക്ക് ഒരുപാട് സാമ്പത്തിക നഷ്ടമുണ്ടായെന്നും, വനം വകുപ്പ് പോലൊരു ബൃഹത്തായ വകുപ്പിൽ ഒരു ക്ളർക്ക് വന്നില്ല എന്നതുകൊണ്ട് ഒരു ബുദ്ധിമുട്ടും സംഭവിക്കാനില്ലായെന്നും നിയമപരമായി നിലനിൽക്കാത്ത ഔപചാരികാന്വേഷണ റിപ്പോർട്ട് റദ്ദാക്കി ടിയാൾ സമർപ്പിച്ച ലീവപേക്ഷകൾ അംഗീകരിച്ച് ശിക്ഷ ഒഴിവാക്കണമെന്നും നേരിൽ കേൾക്കുന്ന വേളയിൽ ശ്രീമതി.എം.ഗായത്രി ദേവി ബോധിപ്പിച്ചു.

4) ടിയാൾ ഉന്നയിച്ച വാദങ്ങളും വകുപ്പിന്റെ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2003-ലാണ് ശ്രീമതി.ഗായത്രിദേവി ക്ലാർക്കായി സേവനമാരംഭിച്ചത്. 2010-ൽ ടിയാളെ കോട്ടയം ഫോറസ്റ്റ് ഡിവിഷനിലേയ്ക്ക് സ്ഥലം മാറ്റി. 04.03.2010-ൽ ആലപ്പുഴ നിന്നും വിടുതൽ ചെയ്തുവെങ്കിലും ജോലിയ്ക്ക് ജോയിൻ ചെയ്യാതെ അന്നുമുതൽ 07.07.2011 വരെ ശൂന്യവേതന അവധിയ്ക്കുള്ള 1 6 അപേക്ഷകൾ സമർപ്പിച്ചു. തുടർ ന്ന് 08.07.2011-ൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും 09.07.2011 മുതൽ 31.12.2012 വരെ ശൂന്യവേതനാവധിക്കായി അപേക്ഷിച്ചു. പിന്നിട് 01.01.2013-ൽ ജോലിയ്ക്ക് പ്രവേശിച്ചു. വീണ്ടും 02.01.2013 മുതൽ 31.03.2013 വരെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷ നൽകി 01.04.2013 മുതൽ 31.03.2014 വരെയ്ക്കും വീണ്ടും അവധിയ്ക്കുള്ള അപേക്ഷ തപാൽ മാർഗ്ഗം അയയ്ക്കുകയുണ്ടായി. ഇതിനിടയ്ക്ക് സ്വയം പ്രഖ്യാപിത അവധി അവസാനിപ്പിച്ച് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് മേധാവിയിൽ നിന്നും കൈപ്പറ്റിയിട്ട് പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും അനധികൃത ഹാജരില്ലായ്മ തുടരുകയും ചെയ്തിട്ടുണ്ട്. ഏകദേശം 4 വർഷം ശ്രീമതി.ഗായത്രിദേവി അനധികൃതമായി ജോലിയ്ക്ക് ഹാജരായില്ല.

5) ഇതിനിടെ അവധിയുടെ യഥാർത്ഥ വസ്തുത പരിശോധിച്ച് മനപൂർവ്വം ജോലിയിൽ നിന്നും വിട്ട് നിൽക്കുകയാണെങ്കിൽ നിയമാനുസൃത നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും അവധി അപേക്ഷകൾ നിരസിച്ച് നോട്ടീസ് നൽകുകയും കൈപ്പറ്റി പത്ത് ദിവസത്തിനകം ജോലിയ്ക്ക് ഹാജരാകാനും അല്ലാത്തപക്ഷം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് എന്നും വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത നോട്ടീസ് കൈപ്പറ്റിയിട്ടും ടിയാൾ ജോലിയ്ക്ക് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്. ടി അപേക്ഷ നിരസിച്ച് കത്ത് നൽകിയിട്ടും ജോലിയ്ക്ക് ഹാജരാകാതിരുന്ന സാഹചര്യത്തിൽ അച്ചടക്ക നടപടികൾ ആരംഭിച്ച് 31.08.2013-ൽ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയും പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. ടി അന്വേഷണത്തിൽ ആരോപണങ്ങളെല്ലാം പൂർണ്ണമായി തെളിഞ്ഞതിനാൽ പരാമർശം ( 1 ) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയുണ്ടായി.

6) അതേസമയം 03/2010 മുതൽ കോട്ടയം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്യുന്ന ടിയാൾക്ക് ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് വനം വകുപ്പിൽ നിന്നും നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്നും അത് നൽകുന്നതിനു വേണ്ട നിർദ്ദേശം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനു നൽകുന്നതിനും വേണ്ടി ടിയാൾ 26.10.2013 തീയതിയായി ബഹു. മുഖ്യമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു. നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയും 10.06.2014-ൽ വനം വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് ഒരു വർഷത്തേയ്ക്ക് ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുകയുമുണ്ടായി. ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷിക്കുകയോ കൃത്യമായി തിരികെ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യുകയുണ്ടായില്ല. 12.11.2015-ലാണ് ഡെപ്യൂട്ടേഷൻ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ചത്.

7) ഏകദേശം നാലുവർഷം 38 ലീവ് അപേക്ഷകൾ സമർപ്പിച്ചാണ് ഗായത്രിദേവി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നിട്ടുള്ളത്. തക്കതായ കാരണമുണ്ടായിരുന്നുവെങ്കിൽ കൃത്യമായ കാലഘട്ടം രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കുമായിരുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മെഡിക്കൽ ഗ്രൗണ്ട് എന്ന് രേഖപ്പെടുത്തി സമർപ്പിക്കപ്പെട്ട മിക്ക അപേക്ഷകളിലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വ്യക്തമായ ആവശ്യം രേഖപ്പെടുത്താതെ വ്യക്തിഗതം എന്ന കാരണത്താൽ സമർപ്പിക്കപ്പെടുന്ന ശൂന്യവേതനാവധി അപേക്ഷകൾ പരിഗണനാർഹമല്ല. ഔപചാരിക അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ ഒരു അപാകതയും കണ്ടെത്താനായില്ല. ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ സമർപ്പിച്ചതുകൊണ്ട് മാത്രം ലീവ് അനുവദിക്കപ്പെട്ടു എന്ന് കണക്കാക്കാനാവില്ല. ഇതിനെല്ലാമപ്പുറം ശ്രീമതി. എം. ഗായത്രിദേവി നേരിൽ കേൾക്കൽ വേളയിൽ ഔപചാരിക അന്വേഷണത്തിൽ വീഴ്ചകൾ വന്നുവെന്നും ന്യായയുക്തമായ തീരുമാനമല്ല അപ്പീൽ അധികാരിയുടേത് എന്നും വാദിച്ചതല്ലാതെ, ലീവ് എടുത്തതിന് വ്യക്തമായ കാരണങ്ങളോ അതിനു തക്കതായ രേഖകളോ ഹാജരാക്കിയിട്ടില്ല.

7) വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും ടിയാളുടെ നിരുത്തരവാദപരമായ പെരുമാറ്റം വളരെ വ്യക്തമാകുന്നു. നാല് വർഷത്തോളം അനധികൃത ഹാജരില്ലായ്മയിലായിരുന്ന ശ്രീമതി ഗായത്രീദേവിക്കെതിരെയുള്ള അച്ചടക്ക നടപടി എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് തീർപ്പാക്കിയത്. ശിക്ഷ പുന:പരിശോധിക്കേണ്ട ഒരു സാഹചര്യവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പരാമർ ശം (1) പ്രകാരം നൽകപ്പെട്ട ശിക്ഷയിൽ ഇളവു വരുത്തേണ്ടതില്ലായെന്ന് തീരുമാനിച്ച് ശ്രീമതി.എം.ഗായത്രി ദേവി. സീനിയർ ക്ലർക്ക് പരാമർശം (3) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീമതി. എം. ഗായത്രി ദേവി, സീനിയർ ക്ലാർക്ക്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വനം വന്യജീവി (പി.എസ്.) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by CHITHRA G S
Date: 2020.07.17 12:22:49 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: വനം വന്യജീവി (എഫ്) വകുപ്പ്